# കാലിക്കറ്റ് സർവ്വകലാശാല

## ആഭ്യന്തര ഓഡിറ്റ് വിഭാഗം

കാലിക്കറ്റ് സർവ്വകലാശാലയുടെ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2020 ജനുവരി 24,25 എന്നീ തീയതികളിൽ കോഴിക്കോട് പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്ററിൽ പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട്.

സംഘാംഗങ്ങൾ

1 മിഥുൻ കൃഷ്ണ കെ

2 മനോജ് കുമാർ ടി

3 സജീവൻ ടി.വി

സ്റ്റാഫ് അംഗങ്ങളുടെ വിവരങ്ങൾ

1.പ്രിൻസിപ്പൽ -സുരേഷ് വി

2.സെക്ഷൻ ഓഫീസർ-ദീപ

3.ലൈബ്രേറിയൻ-ഭവിഷ

4.അധ്യാപകർ-7

5.സി.എൽ.ആർ-1

കാലിക്കറ്റ് സർവ്വകലാശാലക്ക് കീഴിലുള്ള ഈ സ്ഥാപനം നിലവിൽ കോഴിക്കോട് നഗരത്തിലെ വലിയങ്ങാടിയിൽ സ്ഥിതി ചെയ്യുന്ന പഴയ പാസ്പോർട്ട് ഓഫീസ് കെട്ടിടത്തിൽ വാടകക്കാണ് പ്രവർത്തിക്കുന്നത്.എൻ.സി.ടി.ഇ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സ്ഥല സൗകര്യമില്ലാത്തതിനാൽ ഈ സ്ഥാപനം ഈ അദ്ധ്യയന വർഷം തന്നെ യൂണിവേഴ്സിറ്റി നിർമ്മിച്ച കെട്ടിടത്തിലേക്ക മാറുന്നതാണ് .

അറബിക്,മാത്തമാറ്റിക്സ്,ഫിസിക്കൽ സയൻസ്,കൊമേഴ്സ്,മലയാളം,എന്നീ വിഷയങ്ങളിൽ ഒരു ബാച്ചിൽ അമ്പത് വിദ്യാർത്ഥികൾക്കാണ് നാല് സെമസ്റ്റർ ദൈർഘ്യമുള്ള ബി.എഡ് കോഴ്സിൽ പ്രവേശനം അനുവദിച്ചിരിക്കുന്നത്.

ഒന്നാം വർഷ വിദ്യാർത്ഥികളും (2019-2021) രണ്ടാം വർഷ വിദ്യാർത്ഥികളും (2018-2020) ഉൾപ്പടെ 100 വിദ്യാർത്ഥികളാണ് ഇവിടെ ഇപ്പോൾ പഠിക്കുന്നത്.

നിലവിലുള്ള ഫീസ് ഘടന താഴെ കൊടുത്തിരിക്കുന്നു .

| ഫീസ് ഇനം | ഒന്നാം വർഷം | രണ്ടാം വർഷം |
|---|---|---|
| ട്യൂഷൻ ഫീസ് | 30800 | 28000 |
| അഡ്മിഷൻ ഫീസ് | 2200 | NA |
| സ്പെഷ്യൽ ഫീസ് | 1250 | 1250 |

അർഹരായ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് ലഭിക്കുന്നുണ്ട്.

ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളും രെജിസ്റ്ററുകളും പരിശോധിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു .

1(എ) <u>**ക്യാഷ് ബുക്ക്**</u>

ക്യാഷ് ബുക്ക് അവസാനമായി പുതുക്കിയത് 31.12.2019 ലാണ്.അന്നേ ദിവസത്തെ ബാങ്ക് സ്റ്റേയ്റ്റ്മെന്റ് പ്രകാരം നിലവിലുള്ള ബാലൻസ് 355593 രൂപയാണ്.എന്നാൽ ക്യാഷ് ബുക്ക് പ്രകാരം നിലവിലെ ബാലൻസ് 274651 രൂപയാണ് .

**ബാങ്ക് സ്റ്റെയ്റ്റ്മെന്റും ക്യാഷ് ബുക്ക് സ്റ്റെയ്റ്റ്മെന്റും തമ്മിൽ 80942 രൂപയുടെ വ്യത്യാസം കാണുന്നു.**

ബാങ്ക് അക്കൗണ്ടും ക്യാഷ് ബുക്ക് അക്കൗണ്ടും ആനുകാലികമായി reconcile ചെയ്യാത്തതിനാലാണ് ഈ പൊരുത്തക്കേട് വന്നത് എന്ന് മനസിലാക്കുന്നു.2020 ജനുവരി 31 എന്ന തീയ്യതി കണക്കാക്കി അക്കൗണ്ട് reconcile ചെയ്ത് ബാങ്ക് അക്കൗണ്ടും ക്യാഷ് ബുക്ക് അക്കൗണ്ടും തുലനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**31.12.2019 നു ശേഷമുള്ള നിത്യ ഇടപാടുകൾ അതാത് ദിവസം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല .**

**ക്യാഷ് ബുക്കിൽ വൈറ്റ്നർ ഉപയോഗിച്ചുപയോഗിച്ച് മാച്ചിരിക്കുന്നതായി കാണുന്നു,**ഇത് ഒഴിവാക്കേണ്ടതാണ്

**27.08.2019 ൽ ക്യാഷ് ബുക്കിൽ പ്രിൻസിപ്പൽ ഒപ്പ് വച്ചതായി കാണുന്നില്ല,**സീൽ മാത്രമേ കാണുന്നുള്ളൂ.ഇത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബാങ്ക് സ്റ്റെയ്റ്റ്മെന്റ് ലഭിച്ചതിനുശേഷം ക്യാഷ് ബുക്ക് പുതുക്കുന്ന പ്രവണത സ്വീകരിക്കുന്നതായി കാണുന്നു.**ഇതൊഴിവാക്കി നിത്യേനയുള്ള വരവ് ചെലവ് കണക്കുകൾ അതാത് ദിവസം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1(ബി) <u>പി.ടി.എ ക്യാഷ് ബുക്ക്</u>

പി.ടി.എ.പ്രവർത്തനവുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ട്.

കേരള സ്റ്റെയ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്,കോഴിക്കോട് ശാഖയിൽ അക്കൗണ്ട് നമ്പർ 011012000000420 ആണ് പി.ടി.എ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഉപയോഗിക്കുന്നത്.

21/11/2019 നു ശേഷം പി.ടി.എ ക്യാഷ് ബുക്ക് രെജിസ്റ്റർ പുതുക്കിയിട്ടില്ല.അത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പി.ടി.എ. ഫണ്ടിൽ നിന്നും 3000 രൂപയിൽ കൂടുതൽ തുക പിൻവലിക്കുന്നതിന് പി.ടി.എ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അനുമതി ആവശ്യമാണ്.**എന്നാൽ ഇത് പാലിക്കപ്പെടാതെയാണ് പല ക്രയവിക്രയങ്ങളും നടത്തിയിട്ടുള്ളത്,ഇത് ഒഴിവാക്കപ്പെടേണ്ടതാണ്.

പൊതു വിഭാഗം വിദ്യാർത്ഥികളിൽ നിന്നും 1000 രൂപയും ഫീസ് ആനുകൂല്യമുള്ള വിദ്യാർത്ഥികളിൽ നിന്നും 250 രൂപയും ആണ് പി.ടി.എ ഫണ്ടിലേക്ക് വാങ്ങുന്നത്.

2.<u>**ഇ-ഗ്രാന്റ്സ് രെജിസ്റ്റർ**</u>

ഇ-ഗ്രാന്റ്സ് രെജിസ്റ്റർ പരിശോധിച്ചതിൽ അപാകതകളൊന്നും കണ്ടില്ല.ഒന്നാം വർഷ വിദ്യാർത്ഥികളുടെ ഗ്രാന്റ്സ് ഇതുവരെ കിട്ടിയിട്ടില്ല.

3. <u>**അഡ്മിഷൻ രെജിസ്റ്റർ,എഫ്.എഫ്.ആർ**</u> എന്നിവ പരിശോധിച്ചു ,അപാതകളില്ല.

4. <u>**അക്വിഷൻ രെജിസ്റ്റർ**</u>

ലൈബ്രറിയിലെ അക്സഷൻ രെജിസ്റ്റർ പരിശോധിച്ചു,രജിസ്റ്റർ പ്രകാരം 5246 പുസ്തകങ്ങൾ ലഭ്യമാണ്.ബുക്ക് ഇഷ്യൂ രെജിസ്റ്ററിൽ അപാകതകളൊന്നും കണ്ടില്ല.

5. <u>പി.എ രെജിസ്റ്റർ.</u>

**ദൈനം ദിന കാര്യങ്ങൾക്കു ചിലവാകുന്ന തുക പി.എ യിൽ നിന്നും എടുക്കേണ്ടതും പി.എ രെജിസ്റ്റർ അതാതു ദിവസം തന്നെ പൂതുക്കേണ്ടതുമാണ്** .ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

6.**<u>ആൻസർ ബുക്ക് രെജിസ്റ്റർ</u>** പുതുക്കിയതായി കാണുന്നില്ല.ഇത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

7.യൂണിവേഴ്സിറ്റിയിൽ നിന്നും പരീക്ഷക്കു കൊണ്ടുവരുന്ന ചോദ്യപേപ്പറുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് ,അപാതകളില്ല.

8.വിദ്യാർത്ഥികളിൽ നിന്നും കോഷൻ ഡെപ്പോസിറ് വാങ്ങിക്കുന്നില്ല.

വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി മൂന്നു വർഷത്തിനുള്ളിൽ വിദ്യാർഥികൾ മടക്കിവാങ്ങാത്ത തുകകളും നിഷ്ക്രിയമായ മറ്റു തുകകളും നിയമാനുസൃതം ഉത്തരവാക്കി സർവ്വകലാശാലയിലേക്കു അടക്കേണ്ടതാണ്.

**ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടി രണ്ടാഴ്ചക്കുള്ളിൽ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് പ്രസ്തുത വിവരങ്ങൾ ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിനെ അറിയിക്കേണ്ടതാണ്.**